# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 495 29-06-2015 ലെ മറുപടിയ്ക്ക്**

## നികുതി പിരിവിലെ ഏറ്റക്കുറച്ചിലുകൾ

| | ചോദ്യം<br><br>ശ്രീ. സാജു പോൾ | | മറുപടി<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2014-15 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; വിശദമാക്കാമോ; | (എ) | 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് തനത് നികുതി ഇനത്തിൽ 42467.49 കോടി രൂപ പിരിച്ചെടുക്കാനാണ് ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്നത്. |
| (ബി) | ബജറ്റ് പാസാക്കിയതിനു ശേഷം ഓർഡിനൻസിലൂടെ അധിക നികുതി ചുമത്തുന്നത് ധനകാര്യ മാനേജ്മെന്റിന്റെ വീഴ്ചയായി വിലയിരുത്തുകയുണ്ടായോ; | (ബി) | ബജറ്റ് പാസാക്കിയതിനുശേഷം ഓർഡിനൻസിലൂടെ അധിക നികുതി ചുമത്തുന്നത് ധനകാര്യ മാനേജ്മെന്റിന്റെ വീഴ്ചയായി കരുതുന്നില്ല. |
| (സി) | അധിക നികുതി ഏർപ്പെടുത്തിയത് വഴി എത്ര കോടി രൂപ അധികമായി പിരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | 2015-16 സാമ്പത്തിക വർഷം നികുതിയിനത്തിൽ എത്ര കോടി രൂപ പിരിക്കാനാണ് ലക്ഷ്യമിടുന്നത് എന്നും, കഴിഞ്ഞ സാമ്പത്തിക വർഷം ചുമത്തിയ അധിക നികുതി ഈ വർഷവും ചുമത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (ഡി) | 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് തനത് നികുതി ഇനത്തിൽ 45428.03 കോടി രൂപ പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം മദ്യത്തിന്മേലും സിഗരറ്റിന്മേലും ചുമത്തിയ അധിക നികുതി ഈ വർഷവും തുടരുന്നു. |
| (ഇ) | 2014-15 സാമ്പത്തിക വർഷം വൻകിടക്കാരിൽനിന്നും പിരിഞ്ഞു കിട്ടേണ്ടിയിരുന്ന നികുതി കുടിശ്ശിക പിരിഞ്ഞു കിട്ടിയോ; ഇല്ലെങ്കിൽ എത്ര കോടി കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് ധനകാര്യ വകുപ്പിന്റെ വീഴ്ചയായി കരുതുന്നുണ്ടോ? | (ഇ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

Jayanth

**സെക്ഷൻ ഓഫീസർ.**